# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിലെ 2007-08 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 6,21,000/- (ആറ് ലക്ഷത്തി ഇരുപത്തി ഒന്നായിരം രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം. 1185/2019/തസ്വഭവ. തിരുവനന്തപുരം, തീയതി. 10/06/2019.

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 17/09/2018 ലെ പി.എ.എൻ./21815/18 എം3(ഡി.പി.) നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 01.04.2019-ലെ ഡി.കെ.എസ്.എ./ 380/19/പി.റ്റി3 നമ്പർ കത്ത്.

## ഉത്തരവ്

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 66 പ്രകാരം ഡയറക്ടർ ഓഫ് സപ്ലൈസ് ആന്റ് ഡിസ്പോസൽ എല്ലാ വർഷവും വിവിധ സാധനങ്ങൾക്ക് റേറ്റ് കോൺട്രാക്ട് നൽകണമെന്നും, സർക്കുലർ നം. 530/ബി2/എസ്.പി.ഡി. തീയതി 03.06.2003 പ്രകാരം ഡയറക്ടർ ഓഫ് സപ്ലൈസ് ആന്റ് ഡിസ്പോസൽ റേറ്റ് കോൺട്രാക്ട് നൽകിയ സാധനങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങരുത് എന്നും വ്യക്തമാക്കുന്നു. 2007-08 വർഷത്തിൽ മഹീന്ദ്ര കമ്പനിയുടെ (4,36,351/-രൂപ) ബോലേറോ എം.ഡി.മോഡലിന് മാത്രമാണ് ഡയറക്ടർ ഓഫ് സപ്ലൈസ് ആന്റ് ഡിസ്പോസൽ നിരക്ക് നിലവിലുണ്ടായിരുന്നത്. എന്നാൽ വേളം ഗ്രാമപഞ്ചായത്ത് ഉപസമിതി വിവിധ ഷോറൂമുകളും ഡീലർമാരെയും സന്ദർശിച്ച ശേഷം, കുന്നുകളും മലകളും നിറഞ്ഞ പഞ്ചായത്തിന്റെ പരിസ്ഥിതിയ്ക്ക് ഏറ്റവും അനുയോജ്യമായ വാഹനം ഇന്റർനേഷണൽ കാർഡ് ആന്റ് മോട്ടോർസ് ലിമിറ്റഡിന്റെ റിനോ കാർ (മോഡൽ ആർ ആന്റ് ഗ്രീൻ) ആണെന്ന് തീരുമാനിക്കുകയും പഞ്ചായത്ത് ഫണ്ടിൽ നിന്ന് 5,54,114/- രൂപയും വികസന ഫണ്ടിൽ നിന്ന് 66,886/- രൂപയും ചേർത്ത് 6,21,000/- രൂപ ചെലവഴിച്ച് റിനോ കാർ വാങ്ങുകയും ചെയ്തു. ഇത്തരത്തിൽ ചെലവഴിച്ച 6,21,000/- രൂപയാണ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയത്.

2. വേളം ഗ്രാമപഞ്ചായത്ത് 25 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ളതും വെള്ളത്താൽ ചുറ്റപ്പെട്ടതും കുന്നുകളും മലകളും നിറഞ്ഞതും വാഹനസൗകര്യം പരിമിതവുമായതിനാലാണ് പ്രസ്തുത വാഹനം വാങ്ങിയത് എന്നും വാഹനം 10 വർഷമായി കാര്യക്ഷമമായി ഉപയോഗിച്ച് വരുന്നതിനാലും പ്രോജക്ട് നിർവ്വഹണം നടത്തിയ പഞ്ചായത്ത് സെക്രട്ടറി മരണപ്പെട്ട് പോയതിനാലും, പ്രസ്തുത ചെലവിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് 14/11/2017 ലെ പഞ്ചായത്ത് ഭരണ സമിതി തീരുമാനം, 23/04/2018 ലെ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

3. പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ പരിഗണിച്ച് ഓഡിറ്റ് പരാമർശത്തിൻമേൽ സാധൂകരണം നൽകുന്നതിന് സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്ന് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

4. ഈ സാഹചര്യത്തിൽ, വേളം ഗ്രാമപഞ്ചായത്ത് 25 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ളതും വെള്ളത്താൽ ചുറ്റപ്പെട്ടതും കുന്നുകളും മലകളും നിറഞ്ഞതും വാഹനസൗകര്യം പരിമിതമായതും ആയ പ്രദേശമായതിനാലും വാഹനം 10 വർഷമായി കാര്യക്ഷമമായി ഉപയോഗിച്ച് വരുന്നതിനാലും പ്രോജക്ട് നിർവ്വഹണം നടത്തിയ പഞ്ചായത്ത് സെക്രട്ടറി മരണപ്പെട്ട് പോയതിനാലും, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിലെ ഓഡിറ്റ് റിപ്പോർട്ട് 2007-08 ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയ 6,21,000/- (ആറ് ലക്ഷത്തി ഇരുപത്തി ഒന്നായിരം രൂപ മാത്രം) രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
സെക്രട്ടറി, വേളം ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**